ജനാർദ്ദനന്റെ സംശയാസ്പദമായ മരണം

75 (731)ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താല പോലീസ് സ്റ്റേഷനതിർത്തിയിലെ പട്ടിത്തറ ജനാർദ്ദനൻ എന്ന ഉണ്ണിയുടെ സംശയാസ്പദമായ മരണത്തെപ്പറ്റി ക്രൈംബ്രാഞ്ച് അന്വേഷിക്കുന്നുണ്ടോ;

(ബി) എങ്കിൽ അന്വേഷണത്തിന്റെ ഭാഗമായി ഇതുവരെയായി എത്രപേരെ ചോദ്യം ചെയ്തിട്ടുണ്ട്;

(സി) അന്വേഷണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അന്വേഷിക്കുന്നുണ്ട്.

(ബി) 91 സാക്ഷികളെ കണ്ടു ചോദിച്ചിട്ടുള്ളതാണ്.

(സി) അന്വേഷണം പൂർത്തിയാക്കിയിട്ടുള്ളതും ആയതിന്റെ ഫാക്ച്വൽ റിപ്പോർട്ട് സൂക്ഷ്മ പരിശോധനയിലുമാണ്.

കതിരൂർ ബോംബ് സ്ഫോടനം

76 (732)ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 സെപ്തംബറിൽ കണ്ണൂർ ജില്ലയിലെ കതിരൂർ പുല്യോട്ടു നടന്ന ബോംബ് സ്ഫോടനത്തെക്കുറിച്ച് ക്രൈംബ്രാഞ്ച് നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഈ റിപ്പോർട്ടിൽ ബോംബ് സ്ഫോടനം നടന്നത് എപ്രകാരമാണെന്നാണ് പറഞ്ഞിട്ടുള്ളത്;

(സി) ഈ സ്ഫോടനത്തിൽ എത്രപേർ കൊല്ലപ്പെട്ടു; എത്ര പേർക്ക് പരിക്കേറ്റു;

(ഡി) മരണപ്പെട്ടവരും പരുക്കേറ്റവരും ഏതു രാഷ്ട്രീയകക്ഷിയിൽപ്പെട്ടവരാണ്;

(ഇ) ക്രൈംബ്രാഞ്ച് റിപ്പോർട്ടിന്മേൽ എന്തു നടപടി കൈക്കൊണ്ടു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ കേസ്സ് സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണത്തിന്റെ സ്പെഷ്യൽ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്.

(ബി) റിപ്പോർട്ട് പ്രകാരം 30.9.99 ൽ കൊട്ടിയൂർ തീർത്ഥാടകർക്ക് വിശ്രമത്തിനായുള്ള ഷെഡിൽ പ്രദീപൻ, അനിൽകുമാർ, മനോജ്, സുരേഷ് എന്നിവർ ചീട്ട് കളിച്ചുകൊണ്ടിരുന്ന സമയം രാത്രി 8.30 നാണ് സ്ഫോടനം ഉണ്ടായത്.

(സി) 2 പേർ കൊലചെയ്യപ്പെട്ടു. 2 പേർക്ക് പരിക്കേറ്റു.

(ഡി) സി.പി.എം. അനുഭാവികളാണ്.

LIBRARY ARCHIVES Kerala Legislative Assembly